**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6230** **10-11-2021 - ൽ മറുപടിയ്ക്ക്**

**മെയിന്റനൻസ് തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്ത് വകുപ്പിന്റെ പണി പൂർത്തിയാക്കി ഒരു വർഷം കഴിഞ്ഞാൽ മെയിന്റനൻസ് ചെയ്യുന്നതിനുള്ള തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (എ) | പൊതുമരാമത്ത് വകുപ്പിന്റെ പണി പൂർത്തിയാക്കി കഴിഞ്ഞാൽ ഒരു നിശ്ചിത കാലയളവിൽ ഉണ്ടാകുന്ന തകരാറുകൾ കരാറുകാരൻ തന്നെ സ്വയം പരിഹരിക്കുന്നതിനായി വിവിധതരം പ്രവൃത്തികൾക്കായി Defect Liability Period (DLP) നിശ്ചയിച്ച് കരാറിന്റെ ഭാഗമാക്കിയിട്ടുണ്ട്. ബി.എം. & ബി.സി ഉപയോഗിച്ച് നിർമ്മിക്കുന്ന റോഡുകൾക്ക് 3 വർഷം DLP കാലാവധിയും തുടർന്ന് 4 വർഷം മെയിന്റനൻസ് കാലാവധിയും, ബി.സി ഉപരിതലം പുതുക്കുന്നതിന് 2 വർഷം DLP കാലാവധിയും തുടർന്ന് 2 വർഷം മെയിന്റനൻസ് കാലാവധിയുമായി നിശ്ചയിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്. ദേശീയപാത വിഭാഗത്തിന്റെ കീഴിൽ വരുന്ന റോഡുകളിൽ MoRTH ഫണ്ട് ഉപയോഗിച്ചുള്ള EPC mode ലുള്ള ബലപ്പെടുത്തൽ പ്രവൃത്തികളിൽ നിലവിൽ Maintenance charge 2.5% ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്. പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കുന്ന പാലങ്ങൾക്ക് 60 മാസമാണ് ഡിഫക്റ്റ് ലയബിലിറ്റി പീരിയഡ്. |

സെക്ഷൻ ഓഫീസർ